## SAMPLE QUESTION PAPER

# D.Ed SEMESTER-IV($S_4$) EXAM

## $S_4P_{22}$(b)സാമൂഹ്യശാസ്ത്രപഠനം - സിദ്ധാന്തവും പ്രയോഗവും

1. Design of the Question Paper.
   - Weightage to content.
   - Weightage to type of Questions.
   - Weightage to Level of Questions.
   - Blue Print of Question Paper.
2. Actual Question Paper.
3. Scoring Key & Marking Scheme.
4. Questionwise Analysis.

## $S_4$ . $P_{22}$ (b) സാമൂഹ്യശാസ്ത്രപഠനം. സിദ്ധാന്തവും പ്രയോഗവും

# I Design of Question Paper

### WEIGHTAGE TO CONTENT

| | Sl. No. | Name of Unit | No. of Questions | Score | Percentage |
|---|---|---|---|---|---|
| Semester - III | 1. | സാമൂഹ്യസാസ്ത്രത്തിന്റെ അർത്ഥവും വ്യാപ്തിയും | 2 | 8 | 13 |
| | 2 | രാഷ്ട്രതന്ത്രം | 3 | 5 | 8 |
| | 3 | സമൂഹശാസ്ത്രം | 3 | 8 | 13 |
| | 4 | സാമ്പത്തികശാസ്ത്രം | 3 | 6 | 11 |
| Semester - IV | 1 | പാഠാസൂത്രണവും വിശകലനവും | 3 | 7 | 12 |
| | 2 | ബോധനതന്ത്രങ്ങളും പഠന സാമഗ്രികളും | 4 | 10 | 17 |
| | 3 | ചരിത്രം | 4 | 8 | 13 |
| | 4 | ഭൂമിശാസ്ത്രം | 5 | 8 | 13 |
| | | **ആകെ** | **27** | **60** | **100** |

### WEIGHTAGE TO TYPE OF QUESTIONS

| Sl. No. | Type | No. of Questions | Score | Percentage |
|---|---|---|---|---|
| 1 | Objective Type 1 | 5 | 5 | 8 |
| 2 | Objective - Type -2 | 5 | 5 | 8 |
| 3 | Very Short Answer | 5 | 10 | 17 |
| 4 | Short Answer | 10 | 30 | 50 |
| 5 | Essay | 2 | 10 | 17 |
| | **Total** | **27** | **60** | **100** |

## WEIGHTAGE TO LEVEL OF QUESTIONS

| Sl. No. | Level | Score | Percentage |
|---|---|---|---|
| 1 | Easy | 12 | 20 |
| 2 | Average | 36 | 60 |
| 3 | Difficult | 12 | 20 |
| | **Total** | **60** | **100** |

## BLUE PRINT

| | Sl. No. | Name of Unit | Number & Score | | | | | | Total Score |
|---|---|---|---|---|---|---|---|---|---|
| | | | Type | Objective | | Very Short answer | Short answer | Essay | |
| | | | Score | Type-1 | Type-2 | 2 | 3 | 5 | |
| | | | | 1 | 1 | | | | |
| Semester - III | 1. | സാമൂഹ്യശാസ്ത്രത്തിന്റെ അർത്ഥവും വ്യാപ്തിയും | | - | - | - | (1)3 | (1)5 | (2)8 |
| | 2. | രാഷ്ട്രതന്ത്രം | | (1)1 | (1)1 | | (1)3 | | (3)5 |
| | 3. | സമൂഹശാസ്ത്രം | | - | (1)1 | (1)2 | | (1)5 | (3)8 |
| | 4. | സാമ്പത്തികശാസ്ത്രം | | (1)1 | | (1)2 | (1)3 | | (3)6 |
| Semester - IV | 1. | പാഠാസൂത്രണവും വിശകലനവും | | (1)1 | | | (2)6 | | (3)7 |
| | 2. | ബോധനതന്ത്രങ്ങളും പഠന സാമഗ്രികളും | | - | - | (2)4 | (2)6 | | (4)10 |
| | 3. | ചരിത്രം | | (1)1 | (1)1 | | (2)6 | | (4)8 |
| | 4. | ഭൂമിശാസ്ത്രം | | (2)1 | (2)2 | (1)2 | (1)3 | | 5(8) |
| | | **ആകെ** | | **(5)5** | **(5)5** | **(5)10** | **(10)30** | | **27(60)** |

***Note:*** *ബ്രാക്കറ്റിനുള്ളിലെ സംഖ്യ ചോദ്യങ്ങളുടെ എണ്ണത്തേയും പുറത്തേ സംഖ്യ സ്കോറിനെയും സൂചിപ്പിക്കുന്നു.*

# Diploma in Education (D.Ed) Examinations
## Semester -IV

### $S_4.P_{22}$(b) സാമൂഹ്യശാസ്ത്രപഠനം – സിദ്ധാന്തവും പ്രയോഗവും

**Maximum scores: 60** **Time : 2 hrs**

**Cool off time : 15 Minutes**

**നിർദ്ദേശങ്ങൾ**

1. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
2. ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കുന്നതിനും എഴുതേണ്ട മുൻഗണനാക്രമം തീരുമാനിക്കുന്നതിനുമാണ് സമാശ്വാസ സമയമായി ആദ്യത്തെ 15 മിനിറ്റ് അനുവദിച്ചിട്ടുള്ളത്.

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. ഇന്ത്യ സാമ്പത്തിക വർഷമായി കണക്കാക്കുന്നത്

(a) ഏപ്രിൽ 31 മുതൽ മാർച്ച് 1 വരെ

(b) മേയ് 1 മുതൽ ഏപ്രിൽ 31 വരെ

(c) ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ

(d) ജനുവരി 1 മുതൽ ഡിസംബർ 31 വരെ

2. ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സമതിയുടെ അധ്യക്ഷൻ

(a) ഡോ. എസ് രാധാകൃഷ്ണൻ (b) സർദാർ വല്ലഭായി പട്ടേൽ

(c) ജവഹർലാൽ നെഹറു (d) ഡോ. രാജേന്ദ്ര പ്രസാദ്

3. ഇന്ത്യയിൽ ‘സതി’ നിർത്തലാക്കിയ ഭരണാധികാരി

(a) റാംമോഹൻറായി (b) വാറൻഹേസ്റ്റിംഗ്

(c) വില്ല്യം ബെൻഡിക് (d) വെല്ലസ്ലിപ്രഭു

4.. അന്തരീക്ഷവായുവിൽ ഏറ്റവും കൂടുതൽ അടങ്ങിയിരിക്കുന്ന വാതകം

((a) ഓക്സിജൻ (b) നൈട്രജൻ

(c) ഹൈഡ്രജൻ (d) ഹീലിയം

5. ഇന്ത്യയിൽ വിദ്യാഭ്യാസ അവകാശ നിയമം പാസാക്കിയ വർഷം

(a) 2010 (b) 2014

(c) 2009 (d) 2012

**6 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ഉത്തരം ഒരു വാക്കിലോ ഒരു വാക്യത്തിലോ എഴുതുക. (1 സ്കോർ വീതം)**

6. രണ്ട് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന കേരളത്തിലെ ജില്ല?

7. അനുരൂപികരിച്ച ദൈനദിനാസൂത്രണം ആർക്ക് വേണ്ടിയാണ് തയ്യാറാക്കുന്നത്?

8. ചരിത്രത്തിന്റെ പിതാവായി കണക്കാക്കുന്നതാരെ?

9. ഇന്ത്യയിലെ സംസ്ഥാനങ്ങൾ, അവയുടെ തലസ്ഥാനങ്ങൾ പ്രധാന നഗരങ്ങൾ തുടങ്ങി മനുഷ്യ നിർമ്മിതമായ സവിശേഷതകൾ കണ്ടെത്താൻ ക്ലാസിൽ ഉപയോഗിക്കാവുന്ന ഭൂപടത്തിന് പറയുന്ന പേര്

10. സമൂഹികരണത്തെ സഹായിക്കുന്ന ഒരു പ്രധാന ഘടകം.

**11 മുതൽ15 വരെ ചോദ്യങ്ങളുടെ ഉത്തരം രണ്ടോ മൂന്നോ വാക്യത്തിലെഴുതുക. (2 സ്കോർ വീതം)**

11. യു.പി. ക്ലാസിലെ സാമൂഹ്യശാസ്ത്രപാഠപുസ്തകത്തിൽ നിന്നും വാദപ്രതിവാദത്തിന് (Debate) അനുയോജ്യമായ രണ്ട് വിഷയങ്ങൾ നിർദ്ദേശിക്കുക.

12. ഫീൽഡ്ടിപ്പിന് മുമ്പ് നടത്തേണ്ട ആസൂത്രണപ്രവർത്തനങ്ങൾ ഏതെല്ലാം?

13. സുസ്ഥിര വികസനത്തിന് തടസമാകുന്ന ഒരു കാരണം പ്രകൃതിവിഭങ്ങളുടെ അനിയന്ത്രിതമായ ഉപയോഗമാണ്. സുസ്ഥിരവികസനം എന്ന ആശയത്തിന് അനുയോജ്യമായ രണ്ട് പോസ്റ്റർ വാചകങ്ങൾ എഴുതുക.

14. സ്കെച്ച്, പ്ലാൻ എന്നിവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.?

15. സാമൂഹിക നിയന്ത്രണത്തിന് സഹായകമായി പ്രവർത്തിക്കുന്ന ഔപചാരിക സംവിധാനങ്ങൾ ഏതെല്ലാം?

**16 മുതൽ 25 വരെ ചോദ്യങ്ങളുടെ ഉത്തരം 50 വാക്കിൽ കവിയാതെ എഴുതുക. (3 സ്കോർ വീതം)**

16. പഠനനേട്ടങ്ങൾ പഠന ഉദ്ദേശ്യങ്ങളിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? ഓരോ ഉദാഹരണം എഴുതി വിശദമാക്കുക.

17. ഇന്ത്യൻ ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന മൗലിക കർത്തവ്യങ്ങളെക്കുറിച്ച് കുട്ടികൾക്ക് ധാരണ ലഭിക്കുന്നതിന് സഹായകമായ ഒരു പഠനപ്രവർത്തനം തയ്യാറാക്കുക.

18. നാട്ടിലെ ശുദ്ധജല സ്രോതസ്സുകൾ നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയുവാൻ ഉപയോഗിക്കാവുന്ന ഏറ്റവും അനുയോജ്യമായ പഠനതന്ത്രം ഏത്? ആ പഠനതന്ത്രത്തിന്റെ പ്രക്രിയകൾ വിശദമാക്കുക?

19. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലെ പ്രധാനപ്പെട്ട ഏതെങ്കിലും ആറ് സംഭവങ്ങളെ അടിസ്ഥാനമാക്കി ഒരു ടൈംലൈൻ നിർമ്മിക്കുക.

20. സാമൂഹ്യശാസ്ത്രപഠനത്തിന്റെ ഭാഗമായി നിങ്ങൾ തയ്യാറാക്കിയ പ്രാദേശിക ചരിത്ര രചന പൂർത്തിയാക്കിയതുവരെയുള്ള ഘട്ടങ്ങൾ ഏതെല്ലാം?

21. ദൈനംദിനാസൂത്രണ രേഖ ഉപയോഗിച്ച് ക്ലാസ്സ്റൂമിൽ ആശയങ്ങൾ വിനിമയം ചെയ്ത ശേഷം പ്രതികരണ പേജ് നിർബന്ധമായും എഴുതേണ്ടതാണ്. പ്രസ്താവന സാധൂകരിക്കുക.

22. സാമൂഹ്യശാസ്ത്രക്ലാസിൽ ഉപയോഗിക്കാവുന്ന ഒരു പഠനതന്ത്രമാണ് നാടകീകരണം. VII ക്ലാസിലെ 'ഗാന്ധിജിയും സ്വാതന്ത്ര്യസമരവും' എന്ന യൂണിറ്റിൽ നിന്ന് നാടകീകരണത്തിന് അനുയോജ്യമായ ഒരു ഭാഗം നിർദ്ദേശിക്കുക. ഏതൊക്കെ പ്രക്രിയകളിലൂടെയായിരിക്കും ഈ തന്ത്രം പൂർത്തിയാക്കുക?

23 'വിഭവങ്ങൾ ദുർലഭവും ആവശ്യങ്ങൾ അധികവുമാകുമ്പോഴാണ് സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടാകുന്നത്.' ഏതൊക്കെയാണ് അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ? വിശദമാക്കുക.

24. വിവര സാങ്കേതിക വിദ്യ (ഐ.സി.ടി) ഉപയോഗിച്ചുള്ള ക്ലാസുകൾ കുട്ടികൾ ആവേശപൂർവ്വം സ്വീകരിക്കുണ്ടെങ്കിലും അത്തരത്തിൽ ആസൂത്രണം നടത്തി ക്ലാസുകൾ എടുക്കുവാൻ അധ്യാപകർക്ക് കഴിയുന്നില്ല. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കാരണങ്ങൾ വ്യക്തമാക്കുക.

25. ക്ലാസ് V ലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിലെ 'കേരളകരയിൽ' എന്ന പാഠഭാഗത്തിലൂടെ കുട്ടികൾക്ക് ലഭിക്കേണ്ട പഠനനേട്ടങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക. കുട്ടികൾക്ക് ഈ പഠനനേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായ രണ്ട് പഠനോപകരണങ്ങൾ നിർദ്ദേശിക്കുക.

**26 മുതൽ 27 വരെ ചോദ്യങ്ങളുടെ  ഉത്തരം 200 വാക്കിൽ കവിയാതെ എഴുതുക. (5 സ്കോർ വീതം)**

26. ക്ലാസ് V ലെ 'നമ്മുടെ കുടുംബം' എന്ന യൂണിറ്റിലെ *കുടുംബങ്ങൾ വിവിധതരം* എന്ന ഭാഗം ചുവടെ നൽകിയിരിക്കുന്നു. ഇതിലെ ആശയങ്ങൾ കുട്ടികളിൽ എത്തിക്കുവാൻ അനുയോജ്യമായ ഒരു ടീച്ചിംഗ് മാന്വൽ തയ്യാറാക്കുക.

**കുടുംബങ്ങൾ വിവിധതരം**

മൂന്നു കുടുംബങ്ങളുടെ ചിത്രങ്ങൾ നൽകിയിട്ടുള്ളത് കണ്ടല്ലോ. ഈ കുടുംബങ്ങൾ തമ്മിലുള്ള വ്യത്യാസം എന്താണ്?

ചിത്രം ഒന്നിൽ അച്ഛനും അമ്മയും മക്കളും മാത്രമേയുള്ളു. ഇങ്ങനെയുള്ള കുടുംബമാണ് അണുകുടുംബം (nuclear family). ചിത്രം രണ്ടിൽ അച്ഛനും അമ്മയും മക്കളും അവരുടെ കുടുംബവുമാണുള്ളത്. അങ്ങനെയുള്ള അണുകുടുംബങ്ങൾ ഒന്നിച്ചുതാമസിക്കുന്നതാണ് വിസ്തൃത കുടുംബം (Extended family). ചിത്രം മൂന്നിലെ കുടുംബം വളരെ വലുതാണ്. മൂന്നുനാല് തലമുറകൾ ആ വീട്ടിൽ ഒരുമിച്ചു താമസിക്കുന്നു. ഇത് കൂട്ടുകുടുംബമാണ് (Joint Family).

നിങ്ങളുടെ നാട്ടിൽ ഇത്തരത്തിൽ മൂന്നു നാല് തലമുറയിലെ ആളുകൾ ഒരുമിച്ച് താമസിക്കുന്ന വീടുകളുണ്ടോ? ഒരന്വേഷണം ആയാലോ?

നിങ്ങളുടെ വീടിനു ചുറ്റുമുള്ള 10 കുടുംബങ്ങൾ സന്ദർശിച്ച് അന്വേഷണം നടത്തി നോക്കൂ. നിങ്ങൾ സന്ദർശിച്ച കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം, അംഗങ്ങൾ തമ്മിലുള്ള ബന്ധം, തലമുറകളുടെ എണ്ണം തുടങ്ങിയവ പരിശോധിച്ച് എത്ര കുടുംബങ്ങൾ അണുകുടുംബം, വിസ്തൃതകുടുംബം, കൂട്ടുകുടുംബം എന്നിവയിൽപ്പെടുന്നു എന്ന് കണ്ടെത്തുക.

1



2



3



27. അധ്യാപന മാതൃകകൾ (Models of Teaching) ഉപയോഗിച്ച് ഒരു പാഠാസൂത്രണം തയ്യാറാക്കുമ്പോൾ നിയതമായ ഒരു ഘടന സ്വീകരിക്കാറുണ്ട്. ഘടന ഓരോന്നും വിശദമാക്കുക.

## SCORING INDICATORS

| Qn. No. | Value Points | Total Score |
|---|---|---|
| 1 | (c) ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ | 1 |
| 2 | (d) ഡോ. രാജേന്ദ്രപ്രസാദ് | 1 |
| 3 | (c) വില്ല്യം ബെൻഡിക് | 1 |
| 4 | (b) നൈട്രജൻ | 1 |
| 5 | (c) 2009 | 1 |
| 6 | വയനാട് | 1 |
| 7 | CWSN കുട്ടികൾക്ക് വേണ്ടി | 1 |
| 8 | ഹെറോഡോട്ടസ് | 1 |
| 9 | രാഷ്ട്രീയ ഭൂപടം | 1 |
| 10 | കുടുംബം/സ്കൂൾ/സമസംഘം/സമൂഹം (ഏതെങ്കിലും ഒന്ന്) | 1 |
| 11 | അനുകൂലിച്ചും പ്രതികൂലിച്ചും വാദങ്ങൾ ഉന്നയിക്കാൻ അനുയോജ്യമായ രണ്ടു വിഷയങ്ങൾ എഴുതിയിട്ടുണ്ട്. | 2 |
| 12 | • ട്രിപ്പ് പോകേണ്ട സ്ഥലം നിശ്ചയിക്കൽ<br>• നിരീക്ഷിക്കേണ്ടവ/ശേഖരിക്കേണ്ടവ തീരുമാനിക്കൽ<br>• നിരീക്ഷണ/വിവരശേഖരണ/അഭിമുഖ ഫോർമാറ്റ് തയ്യാറാക്കൽ<br>• ചുമതലാവിഭജനം<br>• അനുവാദം വാങ്ങൽ (ഉചിതമായ നാലുപോയിന്റുകൾ) | 2 |
| 13 | അനുയോജ്യമായ രണ്ട് പോസ്റ്റർ വാക്യങ്ങൾ ഉദാ: സ്ഥിര പരുരോഗതി സുസ്ഥിര വികസനത്തിലൂടെ | 2 |
| 14 | തോത് ഇല്ലാതെവരയ്ക്കുന്ന ചിത്രീകരണങ്ങൾ - സ്കെച്ച്<br>തോത് ഉപയോഗിച്ച് വരയ്ക്കുന്ന ചിത്രീകരണങ്ങൾ - പ്ലാൻ | 2 |
| 15 | • ഉദ്യോഗസ്ഥ സംവിധാനം<br>• പോലീസ്<br>• കോടതി<br>• ജയിൽ (ഏതെങ്കിലും രണ്ടെണ്ണം) | 2 |
| 16. | പഠനനേട്ടങ്ങൾ നിരീക്ഷിക്കാവുന്നതും അളക്കാൻ കഴിയുന്നതുമായിരിക്കും. യിരിക്കും. വിഷയബന്ധിതമായ പഠനത്തിലൂടെ പഠിതാവ് ആർജിക്കേണ്ട അറിവ്, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന താവും പഠനനേട്ടങ്ങൾ<br>**ഉദാ:** പഠനനേട്ടം:<br>• സമൂഹം, സുമുദായം, സമാജം തുടങ്ങിയവ വ്യക്തിയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും അനിവാര്യമാണെന്ന് വിശദീകരിക്കുന്നു.<br>പഠന ഉദ്ദേശ്യം:<br>• സമൂഹം, സമുദായം, സമാജം തുടങ്ങിയവ വ്യക്തിയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും അനിവാര്യമാണെന്ന് തിരിച്ചറിയുന്നതിന്. | 3 |
| | | |

| Qn. No. | Value Points | Total Score |
|---|---|---|
| 17 | • മൗലിക കർത്തവ്യങ്ങൾ ഏതൊക്കെയെന്ന് വിനിമയം ചെയ്യുന്നതിന് അനുയോജ്യ മായ ഒരു പ്രവർത്തനം<br>ഉദാ: മൗലിക കർത്തവ്യങ്ങൾ സൂചിപ്പിക്കുന്ന ചിത്രങ്ങൾ ഉപയോഗിച്ച് ചർച്ചകളിലൂടെ മൗലിക കർത്തവ്യങ്ങൾ ഏതൊക്കെയെന്ന് പ്രവർത്തനത്തിലൂടെ ധാരണ ലഭിക്കുന്നു. | 3 |
| 18 | പ്രോജക്ട്/സെമിനാർ<br>- പ്രക്രിയ വിശദമാക്കിയിട്ടുണ്ട് | 3 |
| 19 | ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലെ ഏതെങ്കിലും ആറ് സംഭവങ്ങളെ കാലഗണന പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.<br>ഉദാ.<br>1942 ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം<br>1930 ഉപ്പ് സത്യാഗ്രഹം<br>1921 മലബാർ ലഹള<br>1920 നിസ്സഹരണ പ്രസ്ഥാനം<br>1919 ജാലിയൻ വാലാബാഗ്<br>1905 ബംഗാൾ വിഭജനം | 3 |
| 20 | **പ്രാദേശിക ചരിത്ര രചന - ഘട്ടങ്ങൾ**<br>• ഉള്ളടക്കത്തെക്കുറിച്ച് ധാരണ രൂപീകരിക്കൽ<br>• വിവരശേഖരണ ഉപാധികൾ തയ്യാറാക്കൽ<br>• വിവരശേഖരണം<br>• ഘടന പാലിച്ച് കൊണ്ട് ചരിത്ര രചന<br>• എഡിറ്റിംഗ്<br>• രചന പൂർത്തിയാക്കൽ | 3 |
| 21 | ദൈനംദിനാസൂത്രണരേഖ ഉപയോഗിച്ച് ക്ലാസ്റൂമിൽ ആശയങ്ങൾ വിനിമയം ചെയ്ത ശേഷം പ്രതികരണ പേജ് എഴുതേണ്ടതാണ് - സാധൂകരിക്കണം.<br>• പ്രവർത്തനങ്ങൾ സ്വയം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും<br>• കുട്ടികളെ വിലയിരുത്തുന്നതിന്<br>• ബോധനതന്ത്രങ്ങളിൽ അനുയോജ്യമായ മാറ്റം വരുത്തുന്നതിന്<br>• കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളെ അറിയുന്നതിന്<br>- ഏതെങ്കിലും മൂന്ന് പോയിന്റുകളിലൂടെ സാധൂകരിക്കുന്നു. | 3 |
| 22 | അനുയോജ്യമായ ഏതെങ്കിലുമൊരു ഭാഗം എഴുതിയിട്ടുണ്ട്<br>ഉദാ: ഉപ്പ് സത്യാഗ്രഹം<br>• ആശയം കണ്ടെത്തൽ - ആശയത്തിന്റെ പരിധി നിശ്ചയിക്കൽ<br>• സ്കിറ്റ് തയ്യാറാക്കൽ<br>• കഥാപാത്രങ്ങളെ നിശ്ചയിക്കൽ<br>• അവതരണത്തിനുള്ള തയ്യാറെടുപ്പ്<br>• നാടകാവതരണം - വിലയിരുത്തൽ (ഒരു ആശയം + പ്രക്രിയകൾ) | 3 |

| Qn. No. | Value Points | Total Score |
|---|---|---|
| 23 | അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ<br>- എന്ത് ഉല്പാദിപ്പിക്കണം?<br>- എന്തിന് ഉല്പാദിപ്പിക്കണം?<br>- എങ്ങനെ ഉൽപാദിപ്പിക്കണം?<br>ഇവ ഓരോന്നും വിശദമാക്കിയിട്ടുണ്ട് | 3 |
| 24. | • സാങ്കേതിക വിദ്യയുടെ അഭാവം<br>• പരിശീലനങ്ങളുടെ കുറവ്<br>• അടിസ്ഥാന സൗകര്യങ്ങൾ കുറവ്<br>- ആവശ്യത്തിന് കമ്പ്യൂട്ടറുകൾ<br>- ഇന്റ്ർനെറ്റ് സംവിധാനം<br>- സ്മാർട്ട് ക്ലാസ്റൂം<br>• താൽപര്യക്കുറവ്<br>• സമയം കൂടുതൽ വേണ്ടിവന്നു (അനുയോജ്യമായവ) | 3 |
| 25. | • കേരളത്തിന്റെ സ്ഥാനം, അതിരുകൾ, ജില്ലകൾ എന്നിവ വിശദീകരിക്കുന്നു.<br>• കേരളത്തിന്റെ ഭൂപ്രകൃതി വിഭാഗങ്ങളെ വിശദീകരിക്കുന്നു.<br>• പശ്ചിമഘട്ട ജന്തുസസ്യജാലങ്ങളുടെ ആൽബം തയ്യാറാക്കി വിശദീകരിക്കുന്നു.<br>• നദികൾ നേരിടുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്ത് അവതരിപ്പിക്കുന്നു. (അനുയോജ്യമായ 2 എണ്ണം)<br>• കേരളത്തിന്റെ മാപ്പ്, ചിത്രങ്ങൾ, വീഡിയോകൾ (2 എണ്ണം) | 2<br><br><br><br>1 |
| 26. | • TM ന്റെ ഘടന പാലിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുണ്ട്.<br>• അണുകുടുംബം, കൂട്ടുകുടുംബം, വ്യത്യസ്ത കുടുംബം എന്നീ ആശയങ്ങൾ വിശദമാക്കുന്നതിന് പഠന പ്രവർത്തനങ്ങൾ അനുയോജ്യമാണ് | 5 |
| 27 | അധ്യാപന മാതൃകയുടെ അവതരണത്തിലെ ഘടന<br>- പ്രവർത്തന ശ്രേണി (Symtax)<br>- സാമൂഹ്യ ഘടന (Social System)<br>- പ്രതികരണ തത്വം (Principles of Reaction)<br>- സഹായ സംവിധാനം (Support system)<br>ഓരോന്നും വിശദമാക്കിയിട്ടുണ്ട് | 5 |
| | **ആകെ സ്കോർ** | **60** |

## QUESTION WISE ANALYSIS

| Sl.No | Unit | Type | Level | Score | Time |
|---|---|---|---|---|---|
| 1 | $S_3$-IV | Objective | Average | 1 | 2 minute |
| 2 | $S_3$ - II | Objective | Average | 1 | 2 minute |
| 3 | $S_4$-III | Objective | Average | 1 | 2 minute |
| 4 | $S_4$-IV | Objective | Easy | 1 | 2 minute |
| 5 | $S_4$-I | Objective | Easy | 1 | 2 minute |
| 6 | $S_4$-IV | Objective | Easy | 1 | 2 minute |
| 7 | $S_4$-I | Objective | Average | 1 | 2 minute |
| 8 | $S_4$-III | Objective | Average | 1 | 2 minute |
| 9 | $S_4$-IV | Objective | Easy | 1 | 2 minute |
| 10 | $S_4$-III | Objective | Easy | 1 | 2 minute |
| 11 | $S_3$-III | Short answer | Easy | 2 | 4 minute |
| 12 | $S_4$-II | Short answer | Average | 2 | 4 minute |
| 13 | $S_3$-IV | Short answer | Difficult | 2 | 4 minute |
| 14 | $S_4$-IV | Short answer | Easy | 2 | 4 minute |
| 15 | $S_4$-II | Short answer | Difficult | 2 | 4 minute |
| 16 | $S_4$-I | Short answer | Average | 3 | 6 minute |
| 17 | $S_4$-II | Short answer | Eassy | 3 | 6 minute |
| 18 | $S_4$-IV | Short answer | Average | 3 | 6 minute |
| 19 | $S_4$-III | Short answer | Eassy | 3 | 6 minute |
| 20 | $S_4$-II | Short answer | Average | 3 | 6 minute |
| 21 | $S_4$-II | Short answer | Average | 3 | 6 minute |
| 22 | $S_4$-I | Short answer | Average | 3 | 6 minute |
| 23 | $S_3$-IV | Short answer | Average | 3 | 6 minute |
| 24 | $S_4$-I | Short answer | Average | 3 | 6 minute |
| 25 | $S_4$-IV | Short answer | Average | 3 | 6 minute |
| 26 | $S_4$-IV | Essay | Average | 5 | 10 minute |
| 27 | $S_3$-I | Essay | Difficult | 5 | 10 minute |
| | | | **Total** | **60** | **120 minute** |